# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1432

07/06/2018-ൽ മറുപടിയ്ക്ക്

## കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇക്കണോമിക്സ് അസിസ്റ്റന്റ് പ്രൊഫസർ നിയമനം

**ചോദ്യം**

ശ്രീ.എസ്.ശർമ്മ :

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇക്കണോമിക്സ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; വ്യക്തമാക്കുമോ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഇക്കണോമിക്സ് തസ്തികയുടെ റാങ്ക് പട്ടിക 30.05.2016 – ന് നിലവിൽ വന്നു. |
| (ബി) | ഈ ലിസ്റ്റിൽ നിന്നും ഇതുവരെയായി എത്ര പേരെ നിയമിച്ചു; നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; | (ബി) | പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും 30 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നല്കിയിട്ടുണ്ട്. നിലവിൽ 3 ഒഴിവുകളാണ് ഉള്ളത്. ഒരു ഒഴിവ് പി.എസ്.സി - യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഈ ഒഴിവുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; | (സി) & (ഡി) | ഈ ഒഴിവുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ആരേയും നിയമിച്ചിട്ടില്ല. |
| (ഡി) | താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചവരെ ഒഴിവാക്കി പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; | | |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത തസ്തികയിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; | (ഇ) | 3 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പുതുതായി സൃഷ്ടിച്ച തസ്തികയിൽ ജീവനക്കാരെ സ്ഥലം മാറ്റം/പുതിയ നിയമനം എന്നിവ പ്രകാരം നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഇതിലേയ്ക്ക് പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ